പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3395** **19.06.19 ൽ മറുപടിയ്ക്ക്**

## <u>വിദ്യാർത്ഥികൾക്ക് യാത്രാ സുരക്ഷ ഉറപ്പുവരുത്താൻ നടപടി</u>

| | **ചോദ്യം**<br>**ശ്രീ.കെ.എൻ.എ ഖാദർ**<br>**ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്** | | **ഉത്തരം**<br>**ശ്രീ.എ കെ ശശീന്ദ്രൻ**<br>**(ഗതാഗത വകുപ്പുമന്ത്രി)** |
|---|---|---|---|
| (എ) | പുതിയ അദ്ധ്യയനവർഷം ആരംഭിക്കുന്നതിനു മുൻപായി വിദ്യാർത്ഥികൾക്ക് യാത്രാസൗകര്യങ്ങൾ ഏർപ്പെടുത്താനും യാത്രാസുരക്ഷ ഉറപ്പു വരുത്താനും വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | സ്കൂൾ ബസ്സുകളുടേയും വിദ്യാർത്ഥി വിദ്യാർത്ഥിനികൾ യാത്ര ചെയ്യുന്ന മറ്റു വാഹനങ്ങളുടേയും സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി മോട്ടോർ വാഹന വകുപ്പ് നിരന്തരം ജാഗ്രത പുലർത്തുന്നുണ്ട്. എല്ലാ അധ്യയന വർഷാരംഭത്തിലും എല്ലാ സ്കൂൾ ബസുകളും പരിശോധിച്ച് വാഹനങ്ങളുടെ ക്ഷമത, വിദ്യാർത്ഥികൾക്കുള്ള സൗകര്യങ്ങൾ, ബാഗുകൾ സൂക്ഷിക്കുന്നതിനുള്ള സൗകര്യം, വാതിലുകൾ, ഷട്ടറുകൾ എന്നിവ പരിശോധിച്ച് യോഗ്യമായവ സ്റ്റിക്കർ പതിപ്പിച്ചു നൽകുന്നു. ഈ വർഷം ഈ പരിശോധന ജൂൺ 6-)0 തീയതിയോടെ പൂർത്തിയാക്കിയിട്ടുള്ളതാണ്. യാത്രാ ബസുകളിൽ കുട്ടികളെ കയറ്റുകയും അവരോട് ബസ് ജീവനക്കാർ മാന്യതയോടെ പെരുമാറുന്നു എന്ന് ഉറപ്പുവരുത്തുന്നതിനായി ബസ്സ്റ്റാന്റ്, സ്കൂൾ പരിസരം എന്നിവിടങ്ങളിൽ പ്രത്യേക പരിശോധന നടത്തുന്നുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പ് ജി3/229/പൊ.വി.വ എന്ന നമ്പരായി 27-05-2019-ൽ ഇറക്കിയ സർക്കുലർ പാലിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ബസുകൾക്ക് പെർമിറ്റ് നൽകുന്നത് സംബന്ധിച്ച കേരള മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 153 D പാലിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തുന്നതിനായി സ്കൂൾ വാഹനങ്ങളും കുട്ടികളെ കയറ്റുന്ന മറ്റു |

| | | | |
|---|---|---|---|
| | | | വാഹനങ്ങളും നിരന്തര പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്. അമിതമായി കുട്ടികളെ കയറ്റി വരുന്ന വാഹനങ്ങളുടെ ഡ്രൈവർമാരുടെ ലൈസൻസ് റദ്ദ് ചെയ്യുന്നതിനും ഓട്ടോറിക്ഷകളുടേയും സ്കൂൾ വാഹനങ്ങളുടേയും പെർമിറ്റ് റദ്ദ് ചെയ്യുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ സ്കൂളുകളിലും ഒരു അധ്യാപകനെ/അധ്യാപികയെ നോഡൽ ഓഫീസറായി നിയമിക്കുവാൻ സ്കൂൾ അധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുമുണ്ട്. |
| (ബി) | സ്കൂൾ വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും ജീവനക്കാരുടെയും വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ; വാഹനങ്ങളിൽ വിദ്യാർത്ഥികളെ കുത്തിനിറച്ച് കൊണ്ടുപോകാതിരിക്കാനും മദ്യപിച്ച് സ്കൂൾ വാഹനങ്ങൾ ഓടിക്കാതിരിക്കാനും കർശനനിർദ്ദേശം നൽകിയിട്ടുണ്ടോ; | (ബി) | സ്കൂൾ ബസ് ജീവനക്കാരുടെ വിവരങ്ങൾ ശേഖരിച്ച് സൂക്ഷിക്കുവാൻ സ്കൂൾ അധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പ് എല്ലാ വർഷവും സ്കൂൾ ബസ് ഡ്രൈവർമാർ, ബസ് ജീവനക്കാർ എന്നിവർക്ക് വാഹനങ്ങൾ ഡ്രൈവ് ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് അവബോധന ക്ലാസ്സുകൾ നടത്താറുണ്ട്. 10 വർഷത്തെ ഡ്രൈവിംഗ് പരിചയം ഉള്ളവരെ ആയിരിക്കണം നിയമിക്കേണ്ടത്. കൂടാതെ മദ്യപിച്ച് വാഹനം ഓടിക്കുക, അശ്രദ്ധമായും അപകടകരമായും വാഹനം കൈകാര്യം ചെയ്യുക എന്നീ കുറ്റങ്ങൾക്ക് ഒരു പ്രാവശ്യമെങ്കിലും ശിക്ഷിക്കപ്പെട്ടിട്ടുള്ളവരെ സ്കൂൾ ബസ്സുകളിൽ ഡ്രൈവർമാരായി നിയമിക്കുവാൻ പാടില്ല. ക്രിമിനൽ സ്വഭാവമുള്ളവർ ബസ് ജീവനക്കാരായി വരാതിരിക്കുവാൻ സ്കൂൾ അധികൃതർ ശ്രദ്ധിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. |
| (സി) | സ്വകാര്യ ബസുകൾ സ്റ്റോപ്പുകളിൽ കൃത്യമായി നിർത്തി വിദ്യാർത്ഥികളെ കയറ്റണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ ?വ്യക്തമാക്കുമോ ? | (സി) | ഉണ്ട്. സ്വകാര്യ ബസ്സുകൾ സ്റ്റോപ്പുകളിൽ കൃത്യമായി നിർത്തുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**